5. Development of Eco-Tourism Circuit
6. Heritage Circuit of Thalassery and surroundings
7. Development of Musiris Heritage Tourism Circuit
8. Development of Nila Heritage Tourism Circuit
9. Development of Ashtamudi Cruise Circuit
10. Development of Kadinamkulam Backwater Circuit
11. Development of Backwater Circuit, Alappuzha.

കിറ്റ്സിനെ മികവിന്റെ കേന്ദ്രമാക്കി ഉയർത്തുന്നതിന് നടപടി

255. **(6960)** ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി- പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിനോദസഞ്ചാര പരിശീലനത്തിനും മാനവശേഷിവികസനത്തിനും ഉള്ള മികവിന്റെ കേന്ദ്രമാക്കി കിറ്റ്സിനെ ഉയർത്തുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ-ഡി) ഗുണനിലവാരമുള്ള സേവനം നൽകുന്നതിന് ടൂറിസത്തിൽ മെച്ചപ്പെട്ട മാനവശേഷി വികസനം ഉണ്ടാകേണ്ടതുണ്ട്. ട്രാവൽ ടൂറിസം മേഖലയിലെ മാനവശേഷി വികസിപ്പിക്കുന്നതിന്റെ ഭാഗമായി കിറ്റ്സ് ടൂറിസത്തിൽ എം.ബി.എ., പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ടൂറിസം ആന്റ് പബ്ലിക് റിലേഷൻസ് മാനേജ്മെന്റ്, ലോജിസ്റ്റിക് മാനേജ്മെന്റ്, എയർപോർട്ട് ഓപ്പറേഷൻസ് എന്നിവയിൽ ഡിപ്ലോമയും അയാട്ടയുടെ സർട്ടിഫിക്കേഷൻ കോഴ്സുകളും നടത്തിവരുന്നു. ഇതിനുപരിയായി കിറ്റ്സ് പരിശീലന പരിപാടികളും കൺസൾട്ടൻസിയും ഗവേഷണവും നടത്തുന്നുണ്ട്. ഹോസ്പിറ്റാലിറ്റി മേഖലയ്ക്ക് ആവശ്യമുള്ള വിദഗ്ദ്ധ തൊഴിലാളികളെ ലഭ്യമാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ ഹുണാർ-സെ-റോസ്ഗാർ പദ്ധതി നടപ്പാക്കുന്ന നോഡൽ ഏജൻസിയും

LIBRARY ARCHIVES Kerala Legislative Assembly

കിറ്റ്സ് വഹിച്ചുവരുന്നു. ഇതനുസരിച്ച് ഫുഡ്പ്രൊഡക്ഷൻ, ഹൗസ് കീപ്പിംഗ്, ഫുഡ് ആന്റ് ബിവറേജ് സർവ്വീസ് എന്നീ മേഖലകളിലേക്ക് ആവശ്യമായ പരിശീലന പരിപാടികൾ സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിൽ വച്ച് നടത്തുന്നുണ്ട്. സംസ്ഥാന ഗവൺമെന്റിന്റെ ധനസഹായത്തോടുകൂടി ട്രാവൽ ടൂർ ഓപ്പറേഷൻസ് മേഖലയിൽ ടൂർ കൺസൾട്ടൻസി, ട്രാവൽ കൺസൾട്ടൻസി, നാച്ചുറലിസ്റ്റ് സ്ഥരണിക നിർമ്മാണം തുടങ്ങിയ മേഖലകളിൽ സൗജന്യതൊഴിൽ വൈദഗ്ധ്യ പരിശീലന പരിപാടിയും കിറ്റ്സ് നടപ്പാക്കി. ഇതോടൊപ്പം വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാർത്ഥികൾ, അദ്ധ്യാപകർ തുടങ്ങിയവർക്കും വിവിധ പരിശീലനങ്ങൾ നൽകിവരുന്നു. മാത്രമല്ല, കിറ്റ്സ് യു.എൻ.ഡബ്ല്യു.റ്റി.ഒ.യുടെ അഫിലിയേറ്റഡ് അംഗവും നോളഡ്ജ് നെറ്റ് വർക്കിൽ അംഗവും ആണ്. യു.എൻ.ഡബ്ല്യു.റ്റി.ഒ.യുടെ ഏഷ്യാ പസഫിക് മേഖലയിലെ അഫിലിയേറ്റഡ് അംഗങ്ങളുടെ വൈസ് പ്രസിഡന്റായും കിറ്റ്സിനെ തിരഞ്ഞെടുത്തിട്ടുണ്ട്. ഇന്റർനാഷണൽ ഇക്കോടൂറിസം സൊസൈറ്റിയിൽ അംഗമായ കിറ്റ്സിന്റെ കീഴിൽ സെന്റർ ഫോർ ഇക്കോടൂറിസം പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും വ്യാപിപ്പിക്കുന്നതിനുമുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. അന്താരാഷ്ട്രതലത്തിൽ ഉത്തരവാദിത്ത ടൂറിസം, ഇക്കോടൂറിസം തുടങ്ങിയ മേഖലകൾക്ക് കൂടുതൽ ഊന്നൽ കൊടുത്തുകൊണ്ട് ശില്പശാലകൾ, പരിശീലനങ്ങൾ എന്നിവ നടത്തുന്നതിനായി അന്താരാഷ്ട്ര നിലവാരമുള്ള പരിശീലനകേന്ദ്രം കിറ്റ്സിന്റെ കൃാമ്പസിൽ നിർമ്മിക്കുന്നതിനും ലക്ഷ്യമിടുന്നു.

കണ്ണൂർ ജില്ലയിൽ ആറളം ഫാമിലെ ടൂറിസം പദ്ധതി

256 (6961) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ ആറളം ഫാമിൽ ഇക്കോടൂറിസം പദ്ധതി നടപ്പാക്കാനുള്ള പ്രോജക്ട് കണ്ണൂർ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) ഉണ്ടെങ്കിൽ ആറളം ഫാമിലെ എത്ര ഏക്കർ സ്ഥലത്താണ് പദ്ധതി വിഭാവനം ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) മേൽ പദ്ധതിക്ക് പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പുകളുടെയോ ഇക്കോടൂറിസം വകുപ്പിന്റെയോ ഫണ്ട് ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

(ബി) 20 ഏക്കർ സ്ഥലത്താണ് പദ്ധതി വിഭാവനം ചെയ്യുന്നത്.

(സി) പരിശോധിച്ചശേഷം മാത്രമേ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly